# 7. പാകിസ്ഥാൻ

1987 ജനവരി 20–ാം തീയതി ഇതെഴുതുമ്പോൾ, ഇന്ത്യയും പാകിസ്ഥാനും ഇടയ്ക്കുള്ള നീണ്ട അതിർത്തിയുടെ ഇരുവശങ്ങളിലും വലിയ തോതിൽ സൈന്യങ്ങൾ കേന്ദ്രീകരിച്ചിരിക്കുകയാണ്.

മഞ്ഞുകാലത്ത് ഇന്ത്യൻ സേനകൾക്ക് യുദ്ധപരിശീലനം നൽകുന്ന പതിവുണ്ട്. കൊയ്ത്തുകഴിഞ്ഞ പാടങ്ങളിലാണ് ഈ പരിശീലനം നടത്തുക. ഇതുകൂടാതെ, സൈന്യങ്ങളുടെ യുദ്ധസന്നദ്ധത പരിശോധിക്കുന്നതിനായി മൂന്നു വർഷത്തിലൊരിക്കൽ വിപുലമായ പ്രകടനങ്ങളും നടത്തും. രാജസ്ഥാനിലെ ജനശൂന്യങ്ങളായ പ്രദേശങ്ങളാണ് ഈ പ്രകടനങ്ങൾക്ക് വേദിയൊരുക്കാറ്. സൈന്യങ്ങളുടെ പല ഡിവിഷനുകളും വിമാനപ്പടയുടെ പല സ്ക്വാഡ്രനുകളും ഈ പ്രകടനത്തിൽ പങ്കെടുക്കും. പ്രകടനം നടത്തുന്ന വിവരം പാകിസ്ഥാനെ മുൻകൂട്ടി അറിയിക്കുകയും ചെയ്യും.

ഇത്തവണ, ഇന്ത്യൻ സൈനികർ രാജസ്ഥാനിൽ പ്രകടനം നടത്തുന്ന അവസരത്തിൽ, പതിവില്ലാത്തവിധം, കാശ്മീർമുതൽ സിന്ധ്‌വരെയുള്ള തങ്ങളുടെ അതിർത്തിക്കടുത്ത് പാകിസ്ഥാനും സൈന്യകേന്ദ്രീകരണം നടത്തിയിരിക്കുന്നു. പാകിസ്ഥാൻസേനയിൽ ആറര ലക്ഷത്തോളം സൈനികരുണ്ട്. ഇരുപതു കാലാൾപ്പടവിഭാഗങ്ങളും (ഇൻഫൻട്രി ഡിവിഷൻ) രണ്ട് കവചിതവാഹനവിഭാഗങ്ങളും (ആർമേർഡ് ഡിവിഷൻ) പല സ്വതന്ത്ര ബ്രിഗേഡുകളും പ്രത്യേക യൂണിററുകളുമായിട്ടാണ് പാകിസ്ഥാൻ സേന സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈ ഇരുപത്തിരണ്ടു ഡിവിഷനുകളിൽ പതിനാറു ഡിവിഷനുകളും ഇപ്പോൾ പാകിസ്ഥാൻ–ഇന്ത്യൻ അതിർത്തിയിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. പാകിസ്ഥാൻ–അഫ്ഗാനിസ്ഥാൻ അതിർത്തിയിൽ കഷ്ടിച്ച് മൂന്നു ഡിവിഷൻ മാത്രമേ പാക്‌സൈന്യമുള്ളു. പാക്‌സൈനികരുടെ അവധികളെല്ലാം റദ്ദാക്കിയിരിക്കുന്നു. അതിർത്തിക്കടുത്തുള്ള ഡെപ്പോകളിൽ ആയുധവും എണ്ണയും സംഭരിച്ചുകൊണ്ടുമിരിക്കുന്നു. ഈ നടപടികളിൽ തങ്ങൾക്കുള്ള ആശങ്ക, ജനവരി 18–ാം തീയതി ഇന്ത്യാഗവൺമെൻറ് പ്രകടമാക്കുകയുണ്ടായി.

അഫ്ഗാനിസ്ഥാനിൽ നിലയുറപ്പിച്ച സോവിയററ് സേനയെ തടുക്കാനെന്നപേരിൽ പാകിസ്ഥാനെ നഖശിഖാന്തം ആയുധമണിയിച്ചിരിക്കുകയാണ് അമേരിക്ക. അണുബോംബ് നിർമാണക്കഴിവ് പാകിസ്ഥാൻ നേടിയിട്ടുണ്ട്. കാശ്മീരിനെച്ചൊല്ലി ഇന്ത്യയുമായി നിത്യകലഹത്തിലാണ് പാകിസ്ഥാൻ. എല്ലാററിനും പുറമേ, പാകിസ്ഥാനിലെ ആഭ്യന്തരകലാപങ്ങൾ ഈയിടെ ഉഗ്രരൂപം ധരിച്ചിട്ടുമുണ്ട്. ഉൾപ്പോരുകൾ വർദ്ധിക്കുമ്പോൾ, സാധാരണയായി ഭരണകൂടങ്ങൾ ചെയ്യുന്നത് പുറമേയുള്ള ഒരു പൊതുശത്രുവിനെതിരെ ജനരോഷം തിരിച്ചുവിട്ട് തല്ക്കാലത്തേക്കെങ്കിലും ആഭ്യന്തരഐക്യം സ്ഥാപിക്കുകയാണ്. ഇക്കാരണങ്ങളാൽ, അതിർത്തിയിലെ പാകിസ്ഥാൻെറ സൈന്യകേന്ദ്രീകരണം ഇന്ത്യയിൽ ആശങ്കകളുണർത്തുന്നുവെങ്കിൽ അതു സ്വാഭാവികം മാത്രമാകുന്നു.

പാകിസ്ഥാനിലെ ആഭ്യന്തരകലാപങ്ങളെപ്പററി പറഞ്ഞുവല്ലോ. ഉത്തരപ്രദേശത്തുനിന്ന് ഇന്ത്യാവിഭജനകാലത്ത് സിന്ധിൽ ചെന്നു പാർക്കുന്നവരും ഉർദു സംസാരിക്കുന്നവരുമായ 'മുഹാജിറുക'ളും അതിർത്തി

സംസ്ഥാനത്തുനിന്ന് അവിടെച്ചെന്നു പാർക്കുന്നവരും പശ്തോഭാഷ സംസാരിക്കുന്നവരുമായ പഠാൻകാരും തമ്മിൽ ഇക്കഴിഞ്ഞ നവംബർ ഡിസംബർ മാസങ്ങളിൽ കറാച്ചിയിൽ നടന്ന ലഹളകൾ പാകിസ്ഥാനിലെ ആഭ്യന്തരവൈരുദ്ധ്യങ്ങളുടെ ഒരേകദേശരൂപം ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുകയുണ്ടായി. അതിക്രൂരങ്ങളായിരുന്ന ഈ ലഹളകളിൽ മൂന്നു ദിവസങ്ങൾക്കകം നൂറ്റെൺപതാളുകൾ മരിച്ചു; കോടിക്കണക്കിനു രൂപ വിലവരുന്ന സ്വത്തുക്കൾ നശിക്കുകയുംചെയ്തു. ലഹളകളെത്തുടർന്ന് പ്രസിഡണ്ട് സിയയും പ്രധാനമന്ത്രി ജുനേജോവും മാത്രമല്ല, അതിവൃദ്ധനായ അതിർത്തിഗാന്ധി ഖാൻ അബ്ദുൾ ഗഫാർഖാനും കറാച്ചി സന്ദർശിച്ചു. സിന്ധിലെ ഗവർണർക്കും മന്ത്രിസഭയ്ക്കും സ്ഥാനഭ്രംശം സംഭവിച്ചു ഇത്ര ദാരുണമായ ഒരാഭ്യന്തരലഹള, പാകിസ്ഥാന്റെ ചരിത്രത്തിൽ, ആദ്യമായാണ് നടക്കുന്നത്. (ബംഗ്ളാദേശിൽ പാക് സൈന്യങ്ങൾ നടത്തിയ അതിക്രമങ്ങളും, അവയ്ക്കെതിരെ ബംഗ്ളാദേശികൾ നടത്തിയ സമരവും ഒഴിവാക്കിയാണ് ഇപ്പറഞ്ഞത്.)

ഇന്ത്യയിലെ മുസ്ലിങ്ങൾ ഒരു വ്യത്യസ്ത ജനതയാണെന്നും, അവർക്ക് തനതായി ഒരു സ്വതന്ത്രരാഷ്ട്രം വേണമെന്നുമുള്ള 'പാകിസ്ഥാൻ' വാദത്തിന്റെ മുന്നിൽ നിന്നിരുന്നത് ഉത്തരപ്രദേശിലെ മുസ്ലിങ്ങളായിരുന്നു. എങ്കിലും ബ്രിട്ടീഷ്ഗവണ്മെന്റ് ഈ വാദം അംഗീകരിക്കുകയും ഇന്ത്യ വിഭജിക്കപ്പെടുകയുംചെയ്തപ്പോൾ ഉത്തരപ്രദേശിലെ (അവശിഷ്ട ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലേയും) ഭൂരിഭാഗം മുസ്ലിങ്ങളും പാകിസ്ഥാനിലേക്കു കുടിയേറിപ്പാർക്കാതെ ഇന്ത്യയിൽത്തന്നെ തുടരുകയാണുണ്ടായത്. എന്നാലും കുറെ ഏറെ മുസ്ലിങ്ങൾ ഉത്തരപ്രദേശത്തുനിന്ന് കറാച്ചിയിൽച്ചെന്നു പാർക്കാതിരുന്നില്ല. മക്കയിൽനിന്നു മദീനയിലേക്ക് പ്രവാചകന്റെ പലായനം 'ഹിജറ' എന്നാണല്ലോ അറിയപ്പെടുന്നത്. ഇന്ത്യയിൽനിന്നു പാകിസ്ഥാനിലേക്കുള്ള തങ്ങളുടെ കുടിമാററത്തെ 'ഹിജറ'യോട് ഉപമിച്ച് ഇവർ 'മുഹാജിറുകൾ' (ഹിജറ ചെയ്തവർ) എന്ന പേര് സ്വയം സ്വീകരിച്ചു. ഇവരുടെ എണ്ണം ക്രമത്തിൽ പെരുകിവന്നു. 1961—ലെ ജനഗണനപ്രകാരം, കറാച്ചിയിലെ ജനസംഖ്യയിൽ ഭൂരിപക്ഷം (അമ്പത്തിമൂന്നു ശതമാനം) മുഹാജിറുകൾ ആയിരുന്നു. ഇപ്പോൾ എൺപതു ലക്ഷത്തിലേറെ ജനങ്ങൾ പാർക്കുന്ന കറാച്ചിയിൽ എട്ടു ഭാഷകൾ സംസാരിക്കുന്ന വ്യത്യസ്ത ജനവിഭാഗങ്ങളുണ്ട്.

കറാച്ചിയിൽ ആദ്യകാലംമുതൽ പാർത്തുവന്ന സിന്ധികളുമായി മുഹാജിറുകളുടെ ഉരസൽ പാകിസ്ഥാൻ സ്ഥാപിച്ച കാലത്തുതന്നെ ആരംഭിച്ചു. ആദ്യത്തെ ഗവർണർ ജനറലായിരുന്ന മുഹമ്മദലി ജിന്നയും പ്രധാനമന്ത്രിയായിരുന്ന ലിയാകത്ത് അലിഖാനും, പാകിസ്താന്റെ രാഷ്ട്രീയജീവിതത്തിലെ മററു പല പ്രമുഖ വ്യക്തികളും 'മുഹാജിറു'കൾ ആയിരുന്നു എന്നതു് പാകിസ്ഥാനിലെ അഭിജാതവർഗമാണ് തങ്ങളെന്നു കരുതാൻ മുഹാജിറുകളെ പ്രേരിപ്പിച്ചു. സിന്ധിയായിരുന്ന ഭൂട്ടോ അധികാരത്തിലിരുന്ന കാലത്ത്, മുഹാജിറുകളുടെ മാതൃഭാഷയും പാകിസ്താന്റെ രാഷ്ട്രഭാഷയുമായിരുന്ന ഉറുദുവും, സിന്ധിഭാഷയും തമ്മിലുള്ള മത്സരം ഒരു സജീവപ്രശ്നമായിരുന്നു.

അതിർത്തിസംസ്ഥാനത്തുനിന്നും അഫ്ഘാനിസ്ഥാനിൽനിന്നും വന്ന പത്തുലക്ഷത്തോളം പഠാൻകാർ ഇപ്പോൾ കറാച്ചിയിലുണ്ട്. പശ്തോ ഭാഷ സംസാരിക്കുന്ന, പ്രായേണ നിരക്ഷരരായ, ഇവർ വ്യാവസായിക തൊഴിലാളികളായോ, വീട്ടുകാവൽക്കാരായോ, ഡ്രൈവർമാരും കണ്ടക്ടർമാരുമായോ, തെരുവുവില്പനക്കാരായോ താഴ്ന്ന നിലയിൽ ജീവിതം നയിക്കുന്നു. സർക്കാരുദ്യോഗങ്ങളും, വെള്ളക്കോളർ ഉദ്യോഗങ്ങളും അധികവും കൈയടക്കിയിട്ടുള്ളത് ഉർദു സംസാരിക്കുന്ന മുഹാജിർമാ

രാണ്. ഒരു രാഷ്ട്രമെന്ന നിലയിൽ പാകിസ്ഥാൻ നിലവിൽവന്നതിനു പിന്നിൽ മുഖ്യമായും തങ്ങളുടെ പ്രയത്നമാണുള്ളതെന്നും പാകിസ്ഥാനു വേണ്ടി ഏററവുമധികം ത്യാഗമനുഷ്ഠിച്ചതു് തങ്ങളാണെന്നും മുഹാജിർമാർ അഭിമാനിക്കുന്നു. അപരിഷ്കൃതരും അനഭ്യസ്തവിദ്യരുമായ പഠാൻകാരെയും സിന്ധികളെയും അവർക്കു പുച്ഛമാണ്. പാകിസ്ഥാനിൽ സർക്കാർ ജോലികളിലും വ്യവസായ വാണിജ്യത്തുറകളിലും ഉയർന്നുവന്ന ഇവർ തന്നെയാണു് ആദ്യകാലത്തു് ഇന്ത്യാ വിരുദ്ധപ്രക്ഷോഭണങ്ങൾക്കു് നേതൃത്വം നൽകിവന്നതും.

കറാച്ചിയിൽ, സ്ഥലവാസികളായ സിന്ധികളുമായുള്ള മത്സരത്തിൽ മുഹാജിറുകൾക്കു് ആദ്യമാദ്യം പഞ്ചാബികളുടെ സഹായമുണ്ടായിരുന്നു. പക്ഷേ, പഞ്ചാബിമുസ്ലിങ്ങൾ വീട്ടിൽ സംസാരിക്കുന്നതു് ഉർദുവല്ല, തങ്ങൾക്കറിയാത്ത മറെറാരു (പഞ്ചാബി) ഭാഷയാണെന്നു് മുഹാജിറുകൾ കണ്ടറിഞ്ഞു. മാത്രമല്ല, പഞ്ചാബികളുടെ ഉർദു ഉച്ചാരണം അത്രയൊന്നും ശുദ്ധമല്ലെന്നും അവർക്കു് തോന്നിത്തുടങ്ങി. മുഹാജിറുകളുടെ ആഭിജാത്യനാട്യം സിന്ധികൾക്കെന്നപോലെ പഞ്ചാബികൾക്കും അരോചകമായിരുന്നു. സിന്ധികൾ മുഹാജിറുകളെ 'വെട്ടുകിളികൾ' എന്നു വിളിച്ചാക്ഷേപിച്ചു; തങ്ങളേക്കാൾ ആകാരസൗഷ്ഠവം കുറഞ്ഞ മുഹാജിറുകളെ വിളിക്കാൻ പഞ്ചാബികളും ഉണ്ടാക്കി ചില പരിഹാസപ്പേരുകൾ.

ലിയാകത്ത് അലിഖാന്റെ വധത്തോടെ, പാകിസ്ഥാനിൽ മുഹാജിറുകൾക്കുണ്ടായിരുന്ന പ്രാധാന്യം കുറയാൻ തുടങ്ങി. അയൂബ്ഖാന്റെ പട്ടാളഭരണം വന്നതിനുശേഷമാകട്ടെ, പഞ്ചാബികളായി പാകിസ്ഥാനിലെ 'അഭിജാത'വർഗം. ഇതോടെ മുഹാജിറുകൾ പാകിസ്ഥാനിൽ ഭരണപക്ഷത്തുനിന്നു പ്രതിപക്ഷത്തിലേക്കു തള്ളിമാററപ്പെട്ടു. 1965–ൽ നടന്ന പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട മിസ് ഫാത്തിമ ജിന്നയെ അനുകൂലിച്ച പല മുഹാജിറുകളുടെയും കറാച്ചിയിലെ വീടുകൾ കത്തിയെരിഞ്ഞു നശിച്ചു.

1972–ൽ കറാച്ചി അടക്കം സിന്ധ് സംസ്ഥാനത്തിലെ ഭരണഭാഷ സിന്ധിയാണെന്നു പ്രഖ്യാപിക്കപ്പെട്ടു. സിന്ധിക്കെതിരായും ഉറുദുവിനെ അനുകൂലിച്ചും മുഹാജിറുകൾ അക്കാലത്തു നടത്തിയ പ്രക്ഷോഭം ഭുട്ടോവിനു വലിയ ഒരു അലോസരമായിരുന്നു. 1977–ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ കറാച്ചിയിലെ പതിനൊന്നു് പാർലമെൻറ് മണ്ഡലങ്ങളിൽ ഒമ്പതും എതിർപക്ഷക്കാരായ മുഹാജിറുകൾ കൈയടക്കി.

എങ്കിലും, അത്രയേറെ ത്യാഗം സഹിച്ചുനേടിയ പാകിസ്ഥാനിൽ തങ്ങൾ അവഗണിതരാണെന്ന പരാതി മുഹാജിറുകൾക്കുണ്ട്. ഏകീകൃത രാഷ്ട്രബോധം ഉളവാക്കുന്നതിൽ മതത്തേക്കാൾ കൂടുതൽ പ്രാധാന്യം ഭാഷയ്ക്കാണെന്നു് അവർക്കു വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. പാകിസ്ഥാനിൽ നിന്നു വേർപെട്ടു് ഒരു സ്വതന്ത്രരാഷ്ട്രം രൂപവൽക്കരിക്കാൻ ബംഗ്ളാദേശികൾക്കു പ്രചോദനം നൽകിയതു് ബംഗാളി ഭാഷയാണല്ലോ. പാകിസ്ഥാനിൽ സിന്ധി, പഞ്ചാബി, ബലൂചി, പഠാൻ എന്നു് നാലു വ്യത്യസ്ത സംസ്കാരങ്ങളും അവയെ ആവിഷ്കരിക്കുന്ന പല പ്രാദേശിക ഭാഷകളുമുണ്ട്. ഉർദു ഭാഷയോ, ഇസ്ലാംമതമോ ഈ പ്രാദേശിക സംസ്കാരങ്ങൾ പുലർത്തുന്ന വ്യത്യസ്ത ജനവിഭാഗങ്ങളെ ഇനിയും ഒരൊററ രാഷ്ട്രമാക്കി ഉദ്ഗ്രഥിച്ചിട്ടില്ല. പാകിസ്ഥാനിലെ മുൻ ആഡിററർ ജനറൽ ആയ മുശ്താക് അഹമ്മദ് വജ്ദിയുടെ ആത്മകഥയിൽ പറഞ്ഞിട്ടുള്ളതുപോലെ അവിഭക്തഭാരതത്തിൽ മുസ്ലിങ്ങൾ ഒരു രാഷ്ട്രമായിരുന്നു; വിഭജനത്തിനുശേഷം അവർ രണ്ടു രാഷ്ട്രങ്ങളായി, ബംഗ്ളാദേശ് വന്നതോടെ അവർ മൂന്നു രാഷ്ട്രങ്ങളായി. ഇപ്പോൾ, അവശിഷ്ടപാകി

സ്ഥാനിൽ ജനത വൈകാരികമായി നാലു രാഷ്ട്രങ്ങളായി വേർതിരിഞ്ഞു നിൽക്കുന്നു! സിന്ധിൽനിന്നു വേർപെടുത്തി, 'ഉർദുപ്രദേശ്' എന്ന പേരിൽ കറാച്ചി ഒരു സംസ്ഥാനമാക്കണമെന്ന വാദവും ചില മുഹാജിറുകൾ ഉന്നയിച്ചിട്ടുണ്ട്. സിന്ധി ദേശീയവാദത്തിനു മറുപടിയെന്ന നിലയിൽ മുഹാജിർ—പഞ്ചാബി—പഠാൻ ഐക്യമുന്നണിയും മുമ്പു രൂപവത്കരിക്കപ്പെട്ടിരുന്നു. എന്നാൽ, 1980—നുശേഷം കറാച്ചിയിൽ പഠാൻകാരും മുഹാജിറുകളും തമ്മിൽ മത്സരം രൂക്ഷമായി. ഇതിനെത്തുടർന്ന് ഒരു മുഹാജിർ കൗമി(മുഹാജിർ രാഷ്ട്ര) പ്രസ്ഥാനം കറാച്ചിയിൽ ശക്തി പ്രാപിച്ചിട്ടുണ്ട്. 1986 ആഗസ്റ്റിൽ ഈ പ്രസ്ഥാനക്കാർ കറാച്ചിയിലെ നിശ്താർ പാർക്കിൽ ഒരു ഗംഭീര പ്രകടനം സംഘടിപ്പിക്കുകയുണ്ടായി. കറാച്ചിയിൽ ഈയിടെ നടന്ന കലാപങ്ങളുടെ ആരംഭം ഈ പ്രകടനത്തിൽനിന്നാണ്.

മുഹാജിറുകൾക്ക് കറാച്ചിയിൽ ധനബലവും സംഖ്യാബലവുമുണ്ട്. പക്ഷേ, മാംസപേശീബലം പഠാൻകാർക്കാണ്. കറാച്ചി നഗരപരിസരത്തിൽ, 'സോഹ്റാബ്ഗോഥ്' എന്ന പഠാൻ—അഫ്ഗാൻ ഭൂരിപക്ഷപ്രദേശത്തു് 1986 ഒക്ടോബർ 31—ാം തീയതി ആരംഭിച്ച മുഹാജിർ വിരുദ്ധകലാപങ്ങൾ ഈ വസ്തുത സംശയാതീതമാംവിധം തെളിയിച്ചു. 'മുഹാജിർ കൗമി' പ്രസ്ഥാനക്കാർ സംഘടിപ്പിച്ച ഒരു പ്രകടനം അന്നു ക്രൂരമായി ആക്രമിക്കപ്പെട്ടു. ഇതിനെത്തുടർന്നു് 'സോഹ്റാബ്ഗോഥി'ലെ പഠാൻ—അഫ്ഗാൻ കേന്ദ്രങ്ങളിൽ പോലീസ് പരിശോധനകൾ നടന്നു. അഫ്ഗാനിസ്ഥാനിലെ നിയമാനുസൃത ഗവണ്മെൻറിനെതിരെ പാകിസ്ഥാൻ കേന്ദ്രമാക്കി പൊരുതുന്ന അഫ്ഗാൻ ഗറില്ലകൾക്ക് അമേരിക്കൻ സർക്കാർ വാരിക്കോരി കൊടുക്കുന്ന ആയുധങ്ങളും വെടിക്കോപ്പുകളും ചെന്നെത്തുന്നതു് കറാച്ചിയിലെ കൊള്ളക്കാരുടെയും സാമൂഹ്യവിരുദ്ധരുടെയും പാളയങ്ങളിലാണ്. ഇതോടൊപ്പം ലോകവ്യാപകമായ മയക്കമരുന്നുവ്യാപാരവും കറാച്ചി കേന്ദ്രമാക്കി നടക്കുന്നുണ്ട്. 1985—ൽ പാകിസ്ഥാനിൽ എണ്ണൂറു ടൺ കറുപ്പ് ഉല്പാദിപ്പിക്കപ്പെട്ടു എന്നു് പാകിസ്ഥാൻ സർക്കാർതന്നെ സമ്മതിച്ചിട്ടുണ്ട്. സർക്കാരിൻെറ പരിശ്രമങ്ങളുടെ ഫലമായി 1986—ൽ പാകിസ്ഥാനിലെ കറുപ്പുല്പാദനം 110 ടൺ ആയി കുറഞ്ഞുവത്രെ (പാകിസ്ഥാൻ ടൈംസ് ഓവർസീസ് വീക്കിലി ജനുവരി, 1987). പാകിസ്ഥാനിലെ കറുപ്പുല്പാദനത്തിൽ ഭൂരിഭാഗവും സംസ്കരിക്കപ്പെട്ടു കള്ളക്കടത്തായി കറാച്ചിയിലൂടെയും ബോംബെയിലൂടെയും അമേരിക്കയിലാണു ചെന്നെത്തുന്നതു്. പാകിസ്ഥാനി മയക്കമരുന്നുകച്ചവടക്കാരുടെ വിപുലമായ ഒരു ശൃംഖല ഇന്ത്യയിലും പ്രവർത്തിക്കുന്നുണ്ട്. മയക്കമരുന്നുവ്യാപാരത്തിൻെറ ലോകനേതൃത്വം ഇപ്പോൾ പാകിസ്ഥാനിലെ പഠാൻകാർക്കും അഫ്ഗാൻ അഭയാർത്ഥികൾക്കുമാണെന്നു കരുതപ്പെടുന്നു. ഇവർ രഹസ്യമായി സൂക്ഷിച്ചിട്ടുണ്ടെന്നു കരുതപ്പെട്ട വെടിക്കോപ്പുകളും മയക്കമരുന്നുകളും അന്വേഷിച്ചു ചെന്ന പോലീസുകാർ 'സോഹ്റാബ്ഗോഥിൽ' നടത്തിയ പരിശോധനയ്ക്കു് ഒരു തിരിച്ചടികൂടിയായിരുന്നു ഡിസംബർ 12 മുതൽ 20 വരെ കറാച്ചിയിൽ നടന്ന ലഹളകൾ. ദേശീയചരിത്രത്തിലെ ഏററവും ഇരുണ്ട സംഭവം എന്നു് ഈ ലഹളകൾ പാകിസ്ഥാൻ പാർലമെൻറിൽ പിന്നീടു വർണിക്കപ്പെട്ടു.

പാകിസ്ഥാനിൽ എന്തു സംഭവിക്കുന്നു എന്നു നാം ശ്രദ്ധിക്കേണ്ടതുണ്ട്. ആഭ്യന്തരക്കുഴപ്പങ്ങളിൽനിന്നു കരകയറാൻ പല രാഷ്ട്രങ്ങളും എളുപ്പമായി കാണുന്ന മാർഗം അയൽരാജ്യങ്ങളെ ആക്രമിക്കുകയാണ് എന്നു പറഞ്ഞുവല്ലോ. നേരിട്ടു് ആക്രമിക്കാത്തപ്പോഴും, പാകിസ്ഥാനിൽ കുഴപ്പങ്ങൾ ഉണ്ടാകുമ്പോഴെല്ലാം ഇന്ത്യയിൽ, എന്തു കാരണത്താലോ,

മതപരങ്ങളും സാമുദായികങ്ങളുമായ കലാപങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടിട്ടുണ്ട്. കരുതിയിരിക്കുന്നതു് എപ്പോഴും കൊള്ളാം. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

(20 ജനുവരി, 1987)

# 8. സോവിയററ് റഷ്യയിൽ മുതലാളിത്തം?

ആഭ്യന്തരവൈരുദ്ധ്യങ്ങളാൽ മുതലാളിത്ത സമ്പദ്വ്യവസ്ഥ തകർന്നു തരിപ്പണമാവാൻ ഇനി ഏറെ താമസമില്ലെന്നു താരതമ്യേന അടുത്തകാലംവരെ കമ്യൂണിസ്റ്റുകാർ വിശ്വസിച്ചിരുന്നു. അവരുടെ പ്രതീക്ഷയ്ക്കു നേരേ വിപരീതമായിരുന്നു രണ്ടാം മഹായുദ്ധത്തിനുശേഷം മുതലാളിത്ത രാഷ്ട്രങ്ങളിലുണ്ടായ അഭൂതപൂർവമായ സാമ്പത്തികവികസനം. ഉപഭോഗവസ്തുക്കളുടെ എണ്ണത്തിലും ഗുണത്തിലും അളവിലും ഇക്കാലത്തു മുതലാളിത്തരാഷ്ട്രങ്ങളിൽ സംഭവിച്ച വർധന ആരെയും അമ്പരപ്പിക്കുന്നതായിരുന്നു. 'മൂന്നാം വ്യവസായ വിപ്ളവം' എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ പ്രതിഭാസത്തിനു നേതൃത്വം നൽകിയതു പടിഞ്ഞാറെ യൂറോപ്പും അമേരിക്കൻ ഐക്യരാഷ്ട്രങ്ങളും ജപ്പാനുമാണ്. ഉൽപാദനം വർധിപ്പിക്കുന്നതോടൊപ്പം, തങ്ങളുടെ തൊഴിലാളികളുടെ സാമ്പത്തികപ്രതീക്ഷകൾ നിറവേററി, അവരെ മുതലാളിത്ത വ്യവസ്ഥിതിയുമായി ഏറെക്കുറെ അനുരഞ്ജിപ്പിക്കുന്നതിനുകൂടി ഈ രാഷ്ട്രങ്ങൾക്കു സാധിച്ചു. രാഷ്ട്രീയാധികാരം പിടിച്ചടക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ഒരു വിപ്ളവ–തൊഴിലാളിപ്രസ്ഥാനം ആസന്നഭാവിയിലൊന്നും ഈ രാഷ്ട്രങ്ങളിൽ ആവിർഭവിക്കുമെന്ന് ഇന്ന് ആരും സ്വപ്നം കാണുന്നില്ല.

അതേസമയം കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്തുണ്ടായിരുന്ന വൈരുദ്ധ്യങ്ങൾ ഈ കാലഘട്ടത്തിൽ മൂർച്ഛിക്കുകയുംചെയ്തു. ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു നേതൃത്വം നൽകിപ്പോന്ന സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ്പാർട്ടിയുടെ മേധാവിത്വത്തിന്നെതിരെ യൂഗോസ്ലാവിയയിലെയും ചൈനയിലെയും അൽബേനിയയിലെയും കമ്യൂണിസ്റ്റ് പാർട്ടികൾ കലാപത്തിന്റെ കൊടി ഉയർത്തി. ഉല്പാദനോപകരണങ്ങളിൽ പൊതു ഉടമ, ഉല്പാദനപ്രക്രിയയിൽ കേന്ദ്രനിയന്ത്രണം, തൊഴിലാളികളുടെ സർവാധിപത്യം മുതലായ കമ്യൂണിസത്തിന്റെ അടിസ്ഥാന ആശയങ്ങൾ പുനർവിചാരത്തിനു വിധേയങ്ങളായി. ബൂർഷ്വാജനാധിപത്യത്തിന്റേതായ ചട്ടക്കൂടിനകത്തു നടക്കുന്ന തെരഞ്ഞെടുപ്പുകളിലൂടെ കമ്യൂണിസ്റ്റ്പാർട്ടികൾ അധികാരത്തിൽ വരുകയും, കമ്യൂണിസ്റ്റ്ഗവണ്മെൻറുകൾ പ്രവർത്തിക്കുന്ന സ്റ്റേററുകളിൽക്കൂടി ബൂഷ്വാ പാർട്ടികൾക്കു പ്രവർത്തനസ്വാതന്ത്ര്യം നൽകുകയും വേണമെന്ന് പടിഞ്ഞാറെ യൂറോപ്യൻ രാഷ്ട്രങ്ങളിലെ കമ്യൂണിസ്റ്റ്പാർട്ടികൾ സിദ്ധാന്തിച്ചു. തൊഴിലാളികൾ വിപ്ളവത്തിലൂടെ അധികാരം പിടിച്ചടക്കി തൊഴിലാളിവർഗസർവാധിപത്യം സ്ഥാപിക്കുകയെന്ന ക്ലാസ്സിക്കൽ കമ്യൂണിസ്റ്റ് സിദ്ധാന്തത്തിന്റെ നിരസനമായിരുന്നു ഇതു്. കമ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിലുള്ള ഭരണത്തിനെതിരെ പോളണ്ടിലെ തൊഴിലാളികൾ സുശക്തമായ ഒരു സംഘടന (സോളിഡാരിററി) കെട്ടിപ്പടുത്തപ്പോൾ തൊഴിലാളികളുടെ പാർട്ടി കമ്യൂണിസ്റ്റ്പാർട്ടിയാണെന്ന സിദ്ധാന്തത്തിന്റെയും കടപുഴങ്ങി.